**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 549** **11-06-2024 - ൽ മറുപടിയ്ക്ക്**

**ജി.എസ്.ടി. വകുപ്പിന്റെ പുനഃസംഘടനയുടെ ഫലമായുണ്ടായ ഗുണഫലങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ കടകംപള്ളി സുരേന്ദ്രൻ,<br>ശ്രീ . കെ .ഡി .പ്രസേനൻ ,<br>ശ്രീ. എ. രാജ,<br>ശ്രീ. പി.വി. ശ്രീനിജിൻ | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | കഴിഞ്ഞ സംസ്ഥാന ബഡ്ജറ്റിലെ പ്രതീക്ഷിത വരുമാനത്തിൽ കേന്ദ്ര സർക്കാർ വിഹിതം കുറഞ്ഞിട്ടുണ്ടോ; | (എ) | 2023-24 സാമ്പത്തിക വർഷം കേന്ദ്ര നികുതി വിഹിതം, കേന്ദ്ര ധനസഹായം എന്നിവയുൾപ്പെടുന്ന കേന്ദ്രവിഹിതമായി സംസ്ഥാന ബജറ്റിൽ 37291.28 കോടി രൂപയാണ് പ്രതീക്ഷിച്ചിരുന്നതെങ്കിലും അക്കൗണ്ടന്റ് ജനറലിന്റെ പ്രാഥമിക കണക്കുകൾ പ്രകാരം ഈ ഇനത്തിൽ 31816.09 കോടി രൂപ മാത്രമേ കേന്ദ്രത്തിൽ നിന്നും ലഭ്യമായിട്ടുള്ളു. |
| (ബി) | ജി.എസ്.ടി. നഷ്ടപരിഹാരം ഇല്ലാതാക്കിയിട്ടും തനത് നികുതി വരുമാനം വർദ്ധിപ്പിച്ചും റവന്യൂ ചെലവ് കുറച്ചും സംസ്ഥാനത്തിന്റെ സാമ്പത്തിക കാര്യങ്ങൾ നിറവേറ്റുന്നതിൽ കൈവരിച്ച നേട്ടങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ; | (ബി) | കേന്ദ്ര ധനകാര്യ കമ്മീഷനുകൾ കേന്ദ്ര നികുതി വിഹിതം നിശ്ചയിക്കുന്നതിലെ മാനദണ്ഡങ്ങളിൽ വരുത്തിയ മാറ്റം മൂലം സംസ്ഥാനത്തിന് നികുതി വിഹിതത്തിൽ വന്ന കുറവ്, ജി.എസ്.ടി നഷ്ടപരിഹാരം നിർത്തലാക്കിയത്, സംസ്ഥാനത്തിന്റെ കടമെടുപ്പിൽ കേന്ദ്ര സർക്കാർ നിയന്ത്രണം ഏർപ്പെടുത്തിയത്, കേന്ദ്രാവിഷ്കൃത പദ്ധതികളിലെ ചെലവ് പങ്കിടൽ ഘടന സംസ്ഥാനങ്ങൾക്ക് അധിക ബാദ്ധ്യത വരുന്ന രീതിയിൽ ഭേദഗതി ചെയ്തത്, സംസ്ഥാനത്ത് നടപ്പിലാക്കി വരുന്ന കേന്ദ്രാവിഷ്കൃത പദ്ധതികളിൽ കേന്ദ്ര സർക്കാർ അനുശാസിക്കുന്ന Branding/naming മാർഗ്ഗനിർദ്ദേശങ്ങൾ പാലിച്ചിട്ടില്ലായെന്ന കാരണമുയർത്തി കേന്ദ്ര ധന കൈമാറ്റത്തിൽ കുറവ് വരുത്തിയത് എന്നിവ സംസ്ഥാനത്തെ സാമ്പത്തിക ഞെരുക്കത്തിലേക്ക് തള്ളിവിട്ടുവെങ്കിലും ഈ ആഘാതങ്ങളിൽ നിന്നും കേരളം ശക്തമായ തിരിച്ചു വരവിലൂടെ സ്ഥായിയായ വളർച്ച രേഖപ്പെടുത്തിയ വർഷമാണ് 2023-24.<br><br>മാനവ വിഭവശേഷി വികസനത്തിനും ജനങ്ങളുടെ വരുമാന വർദ്ധനവിനും ജീവനോപാധിയിലും നടത്തിയ നിക്ഷേപത്തിന്റെ പ്രതിഫലനമാണ് സംസ്ഥാനത്തിനു നീതി ആയോഗ് വഴി ലഭിച്ച അംഗീകാരങ്ങൾ. നീതി ആയോഗിന്റെ 2023 ലെ മൾട്ടി ഡൈമെൻഷണൽ പോവർട്ടി ഇൻഡക്സ് അനുസരിച്ച്, കേരളമാണ് രാജ്യത്തെ ഏറ്റവും മികച്ച പ്രകടനം (0.002 ശതമാനം) കാഴ്ച്ചവെച്ച സംസ്ഥാനം.<br><br>സംസ്ഥാന സാമ്പത്തിക സ്ഥിതി വിവര കണക്ക് വകുപ്പിന്റെ 2023-24 സാമ്പത്തിക വർഷത്തെ അഡ്വാൻസ് കണക്കുകൾ പ്രകാരം സംസ്ഥാന മൊത്ത ആഭ്യന്തര ഉൽപ്പാദനം തനതു വിലയിൽ 12.24 ശതമാനവും സ്ഥിര വിലയിൽ 6.92 ശതമാനവും വളർച്ചയാണ് കൈവരിച്ചത്.<br><br>അക്കൗണ്ടന്റ് ജനറലിന്റെ പ്രാഥമിക കണക്കുകൾ അനുസരിച്ച് പതിനഞ്ചാം ധനകാര്യ കമ്മീഷൻ നിഷ്കർഷിച്ചിരിക്കുന്ന ധനദൃഢീകരണ പാതയ്ക്കുള്ളിൽ തന്നെ സംസ്ഥാനത്തിന്റെ കടവും മൊത്ത ആഭ്യന്തര ഉൽപ്പാദനവും തമ്മിലുള്ള അനുപാതവും ധനകമ്മിയും മൊത്ത ആഭ്യന്തര ഉൽപ്പാദനവും തമ്മിലുള്ള അനുപാതവും നിലനിർത്താൻ 2023-24 സാമ്പത്തിക വർഷത്തിൽ |

സംസ്ഥാനത്തിന് കഴിഞ്ഞിട്ടുണ്ട്. ഇതു സംബന്ധിച്ച വിശദാംശം ചുവടെ പട്ടികയിൽ ചേർക്കുന്നു.

(ശതമാനത്തിൽ)

| **ധന സൂചകങ്ങൾ** | **ധനകാര്യ കമ്മീഷൻ നിഷ്കർഷിച്ചിരിക്കുന്ന അനുപാതം** | **2023-24 സാമ്പത്തിക വർഷം സംസ്ഥാനം കൈവരിച്ച അനുപാതം** (അക്കൗണ്ടന്റ് ജനറലിന്റെ പ്രാഥമിക കണക്കുകൾ പ്രകാരം) |
|---|---|---|
| ധനകമ്മി/ ജി.എസ്.ഡി.പി. | 3.5 | 2.81 |
| കടബാധ്യത/ ജി.എസ്.ഡി.പി. | 33.7 | 33.09 |

ജി.എസ്.ടി നഷ്ടപരിഹാരം നിർത്തലാക്കിയിട്ടും സംസ്ഥാനത്തിന്റെ തനതു നികുതി നികുതിയേതര വരുമാനത്തിൽ വളർച്ച കൈവരിച്ചുകൊണ്ട് സാമൂഹ്യ ക്ഷേമ വികസന ചെലവുകൾക്ക് വേണ്ടത്ര ഊന്നൽ നൽകാനും സംസ്ഥാനത്തിന്റെ അടിസ്ഥാന സൗകര്യ വികസനം മെച്ചപ്പെടുത്തുന്നതിനും ഈ കാലയളവിൽ സർക്കാരിന് കഴിഞ്ഞിട്ടുണ്ട്.

(സി) ജി.എസ്.ടി. വകുപ്പിന്റെ പുനഃസംഘടനയുടെ ഫലമായിട്ടുള്ള ഗുണഫലങ്ങൾ എന്തെല്ലാമാണ്;വ്യക്തമാക്കുമോ;

(സി) നികുതി പിരിവ് കാര്യക്ഷമമാക്കുക എന്ന ഉദ്ദേശത്തിലാണ് ജി.എസ്.ടി നിയമാനുസൃതമായി വകുപ്പ് പുനഃസംഘടിപ്പിക്കപ്പെട്ടിട്ടുള്ളത്. പുനസംഘടനയെ തുടർന്ന് വകുപ്പിലെ ജീവനക്കാർക്ക് വിദഗ്ധ പരിശീലനം നൽകുകയും വകുപ്പിന്റെ പ്രവർത്തനങ്ങൾ ഇന്റലിജൻസ് ആൻറ് എൻഫോഴ്സ്മെന്റ്, ഓഡിറ്റ്, ടാക്സ്പേയർ സർവ്വീസസ് എന്നീ പ്രധാന വിഭാഗങ്ങളിലായി പുനർവിന്യസിക്കുകയും ചെയ്തിട്ടുണ്ട്. ഓരോ വിഭാഗത്തിലുമുള്ള ജീവനക്കാർക്ക് പ്രസ്തുത വിഭാഗത്തിന് അനുസൃതമായ രീതിയിൽ മികച്ച പരിശീലനം നൽകി വരുന്നതിലൂടെ നികുതിദായകർക്ക് നൽകുന്ന സേവനങ്ങൾ മെച്ചപ്പെടുത്തുന്നതിനും നികുതിവെട്ടിപ്പ് കണ്ടെത്തുന്നതിനുള്ള നടപടികൾ കൂടുതൽ കാര്യക്ഷമമാക്കുന്നതിനും സാധിച്ചിട്ടുണ്ട്. വകുപ്പ് പുനസംഘടനയ്ക്ക് ശേഷം രജിസ്ട്രേഷൻ സംവിധാനം ഏകീകൃതമാക്കിയതിലൂടെ രജിസ്ട്രേഷൻ നടപടികൾ കാര്യക്ഷമമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിനും സാധിച്ചിട്ടുണ്ട്.

ആധുനിക സാങ്കേതിക വിദ്യകളടക്കമുള്ള സംവിധാനങ്ങൾ ഉപയോഗിച്ച് ഇന്റലിജൻസ് ആൻറ് എൻഫോഴ്സ്മെന്റ് വിഭാഗത്തിന് നൽകിയ വിദഗ്ധ പരിശീലനം വിവിധ വെട്ടിപ്പ് കണ്ടെത്തുന്നതിന് ജീവനക്കാരെ കൂടുതൽ പ്രാപ്തരാക്കാൻ സഹായിച്ചിട്ടുണ്ട്.

പുന:സംഘടനയിലൂടെ പുതുതായി രൂപീകരിച്ച ഓഡിറ്റ് വിഭാഗം നികുതി ചോർച്ച കണ്ടെത്തുന്നതിനുള്ള കാര്യക്ഷമമായ പ്രവർത്തനങ്ങൾ നടത്തി വരുന്നു. നികുതി ദായകരെ റിസ്ക് അടിസ്ഥാനത്തിൽ തരംതിരിച്ച് ആയതിന്റെ അടിസ്ഥാനത്തിൽ തെരഞ്ഞെടുക്കപ്പെടുന്ന നികുതിദായകരെ ജി.എസ്.ടി നിയമം അനുശാസിക്കുന്ന രീതിയിൽ ഓഡിറ്റ് നടത്തുന്ന സംവിധാനം ചോർച്ച കണ്ടെത്തുന്നതിന് കൂടുതൽ സഹായകമാകുന്നുണ്ട്.

| | | | |
|---|---|---|---|
| | | | ഇപ്രകാരം വകുപ്പിന്റെ പ്രവർത്തനങ്ങളെ സ്പെഷ്യലൈസ് ചെയ്യുന്നതിനും ജീവനക്കാരുടെ അതതു പ്രവർത്തനമേഖലകളിലെ പ്രാവീണ്യം വർധിപ്പിക്കുന്നതിനും പുനഃസംഘടയിലൂടെ സാധ്യമായിട്ടുണ്ട്. ഇതുവഴി സംസ്ഥാനത്തിന് വരുമാനം വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ കൂടുതൽ ഫലപ്രദമാക്കാനും കഴിഞ്ഞിട്ടുണ്ട്. |
| (ഡി) | ഉത്സവകാല വിപണിവില നിയന്ത്രിക്കുന്നതിനായി നീക്കിവച്ച തുകയുടെ വിശദാംശം നൽകുമോ? | (ഡി) | ഉത്സവ കാലങ്ങളിൽ ഉണ്ടാകുന്ന ക്രമാതീതമായ വിലക്കയറ്റം നിയന്ത്രിക്കുന്നതിന് വേണ്ടി കൺസ്യൂമർ ഫെഡിന് 75 കോടി രൂപയും, സപ്ലൈകോയ്ക്ക് 190.8 കോടി രൂപയും 2023-24 ൽ ബഡ്ജറ്റ് വിഹിതമായി വകയിരുത്തിയിരുന്നു. ഇതു കൂടാതെ 20.03.2024 ലെ സ.ഉ.(സാധാ) നം. 2716/2024/ധന നമ്പർ ഉത്തരവ് പ്രകാരം വിപണി ഇടപെടൽ പ്രവർത്തനങ്ങൾക്കായി സപ്ലൈകോയ്ക്ക് 200 കോടി രൂപ അധിക ധനാനുമതിയായി അനുവദിക്കുകയും ചെയ്തിരുന്നു. |

സെക്ഷൻ ഓഫീസർ